## ത്രിയേക ദൈവത്തിന്റെ വ്യക്തിനിഷ്ഠമായ അറിവ്

**I. 1 യോഹ. 5:20-ൽ നമുക്ക് 1 യോഹന്നാന്റെ മുഴുവൻ ലേഖനത്തിന്റെയും നിർണായകമായ ഉപസംഹാരമുണ്ട്**

- ഈ ലേഖനം വെളിപ്പെടുത്തുന്നത്, ഇപ്പോൾ നാം യഥാർഥത്തിൽ ത്രിയേക ദൈവത്തോട് ഒന്നായിരിക്കുന്നുവെന്നും, അവൻ നമുക്ക് സത്യവും യഥാർഥവുമായിത്തീരുന്നു എന്നുമാണ്
- നാം അവനിൽ ആയിരിക്കുന്നതുകൊണ്ട് അവൻ നമുക്ക് യാഥാർഥ്യവും ജീവനുമായിത്തീരുന്നു

**II. ത്രിയേക ദൈവത്തെ അനുഭവിക്കുന്നതിലൂടെയും ആസ്വദിക്കുന്നതിലൂടെയും നാം അവനെ അറിയുവാൻ ഇടയാകുന്നു**

- തന്റെ ലേഖനങ്ങൾ എഴുതുന്നതിൽ അപ്പൊസ്തലനായ യോഹന്നാന്റെ താൽപര്യം ത്രിയേക ദൈവത്തിന്റെ അനുഭവവും ആസ്വാദനവുമായിരുന്നു
- ത്രിയേക ദൈവം കേവലം നമ്മുടെ വിശ്വാസത്തിന്റെ വസ്തു മാത്രമല്ല; നമ്മുടെ അനുഭവത്തിനും ആസ്വാദനത്തിനുമായി നമ്മുടെ ജീവനും ജീവ സഹായവുമായി അവൻ നമ്മിൽ വസിക്കുന്നു
- വ്യക്തിനിഷ്ഠനായ ദൈവത്തിന്റെ ആന്തരിക ആസ്വാദനത്തിലൂടെ നാം ത്രിയേക ദൈവത്തെ അനുഭവപരമായി അറിയേണ്ടതുണ്ട്
- ത്രിയേക ദൈവത്തെ നാം അറിയണമെങ്കിൽ, നാം ജീവന്റെ രേഖയിലായിരിക്കുകയും ജീവന്റെ വളർച്ചയുടെ പ്രക്രിയയിൽ ആയിരിക്കുകയും വേണം;

**III. യോഹന്നാന്റെ ലേഖനങ്ങൾ ത്രിയേക ദൈവത്തെ—പിതാവിനെയും പുത്രനെയും ആത്മാവിനെയും—വെളിപ്പെടുത്തുന്നു**

- പിതാവിനെ അറിയുക എന്നാൽ അവനെ ആസൂത്രണം ചെയ്യുന്നവനും, തുടക്കമിടുന്നവനും, പ്രാരംഭം കുറിക്കുന്നവനുമായ സ്രോതസ്സായും, നിസ്തുല പ്രാരംഭകനായും അറിയുക എന്നതാണ്; എല്ലാം അവനിൽനിന്നാണ് ഉത്ഭവിക്കുന്നത്, എല്ലാം അവനിൽനിന്നാണ് പുറപ്പെടുന്നത്
- 1 യോഹന്നാൻ നിത്യതയിൽ പിതാവിനോടുകൂടെ ആയിരുന്നവനും, ജഡാവതാരത്തിലൂടെ സമയത്തിൽ വെളിവായവനുമായ, പുത്രനായ, ക്രിസ്തുവിന്റെ ദിവ്യ വ്യക്തിയെ സൂചിപ്പിക്കുന്നു
- 1 യോഹന്നാൻ 4:6-ലെ സത്യത്തിന്റെ ആത്മാവ് പരിശുദ്ധാത്മാവായ യാഥാഥ്യത്തിന്റെ ആത്മാവാണ്
- നാം പിതാവായ ദൈവത്തിലും അവൻ നമ്മിലും വസിക്കുന്നു എന്നും, പിതാവായ ദൈവം നമുക്ക് തന്റെ ആത്മാവിനെ നൽകിയിരിക്കുന്നുവെന്നും, പിതാവ് പുത്രനെ ലോകരക്ഷകനായി അയച്ചിരിക്കുന്നു
- നാം സത്യവാനെ അറിയുകയും സത്യവാനിൽ ആയിരിക്കുകയും ചെയ്യുന്നു

## "ഇത്" എന്നതിന്റെ ദർശനം

**IV. "ദൈവപുത്രൻ വരുകയും നാം സത്യവാനെ അറിയേണ്ടതിന് നമുക്ക് വിവേകം തരുകയും ചെയ്തിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ; നാം സത്യവാനിൽ, അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു. ഇത് സത്യദൈവവും നിത്യജീവനും ആകുന്നു"—വാ. 20**

- "നാം അറിയുന്നു"
  - അപ്പൊസ്തലന്മാരും, ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ എല്ലാ യഥാർഥ വിശ്വാസികളും
  - അറിയുന്നു എന്നത് ദിവ്യ യാഥാർഥ്യത്തെ അനുഭവമാക്കുകയും ആസ്വദിക്കുകയും കൈവശമാക്കുകയും ചെയ്യുന്ന അറിവിനെ പരാമർശിക്കുന്നു
- "ദൈവപുത്രൻ വരുകയും" നമ്മുടെ അടുക്കൽ ദൈവത്തെ കൊണ്ടുവരുന്നതിനായി, ജഡാവതാരത്തിലൂടെയും മരണപുനരുത്ഥാനത്തിലൂടെയും ആത്മാവായി ദൈവപുത്രൻ വന്നിരിക്കുന്നു
- "വിവേകം" എന്നത് നമ്മുടെ വീണ്ടും ജനിച്ച ആത്മാവിലെ ദിവ്യയാഥാർഥ്യം ഗ്രഹിക്കുവാൻ, യാഥാർഥ്യത്തിന്റെ ആത്മാവിനാൽ പ്രകാശിപ്പിക്കപ്പെട്ടതും ശക്തീകരിക്കപ്പെട്ടതുമായ നമ്മുടെ മനസ്സിന്റെ കഴിവാണ്
- "സത്യവാനെ അറിയുക" അഥവാ "സത്യമായവനെ അറിയുക"
  - "സത്യം" (അലെത്തിനോസ്) എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവന പദം കപടമായ, വ്യാജമായ എന്നതിന് വിപരീതമായി, "വാസ്തവമായ, യഥാർഥമായ" എന്ന് അർഥമാക്കുന്നു
  - നമ്മുടെ ത്രിയേക ദൈവം മാത്രമാണ് സത്യം; എല്ലാ കാര്യങ്ങളും, മറ്റെല്ലാ വ്യക്തികളും വ്യാജമാണ്
  - സത്യവാൻ എന്നത് ദൈവം നമുക്ക് വ്യക്തിനിഷ്ഠനാകുന്നതിനെ പരാമർശിക്കുന്നു.
  - വസ്തുനിഷ്ഠനായ ദൈവം നമ്മുടെ ജീവിതത്തിലും അനുഭവത്തിലും സത്യവാനായിത്തീരുന്നു. അതിന് ദൈവപുത്രൻ നമുക്ക് വിവേകം നൽകി.
  - വസ്തുനിഷ്ഠമായിരുന്ന ദൈവം ഇന്ന് നമ്മുടെ വ്യക്തിനിഷ്ഠ യാഥാർഥ്യമായി തീർന്നിരിക്കുന്നു
- "നാം സത്യവാനിൽ ആകുന്നു"
  - നാം സത്യവാനിൽ, അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു. നാം ദൈവത്തെ അറിയുക മാത്രമല്ല—നാം ദൈവത്തിൽതന്നെ ആകുന്നു
- "നാം... അവന്റെ പുത്രനായ യേശു ക്രിസ്തുവിൽ തന്നെ ആകുന്നു"
  - സത്യദൈവത്തിൽ ആയിരിക്കുക എന്നാൽ അവന്റെ പുത്രനായ യേശു ക്രിസ്തുവിൽ ആയിരിക്കുന്നതാണ്
- "ഇത് സത്യദൈവവും നിത്യജീവനും ആകുന്നു"
  - സത്യ ദൈവത്തെയും നിത്യജീവനെയും പരാമർശിക്കാൻ യോഹന്നാൻ "ഇത്" ഉപയോഗിക്കുന്നു; സത്യദൈവവും നിത്യജീവനും ഒന്നാണെന്ന് ഇതിലൂടെ നാം കാണുന്നു
  - സത്യദൈവത്തിലും യേശു ക്രിസ്തുവിലും ആയിരിക്കുന്ന നമ്മുടെ അനുഭവത്തിൽ, അവർ ഒന്നാണ്
- "ഇത്" എന്നതിന്റെ വ്യക്തമായ ഒരു ദർശനം വേണം
  - ഇത് എന്ന വാക്ക് നാം അവനിൽ ആയിരിക്കുന്നതിലൂടെ നമുക്ക് അനുഭവപരനായിത്തീർന്ന സാക്ഷാൽ ദൈവത്തെയാണ് സൂചിപ്പിക്കുന്നത്
  - "ഇത്" നാം ആയിരിക്കുന്ന സാക്ഷാൽ ദൈവവും, സാക്ഷാൽ യേശു ക്രിസ്തുവും ആണ്
  - നാം സത്യവാനിലും അവന്റെ പുത്രനായ യേശു ക്രിസ്തുവിലും ആയിരിക്കുന്നതിനാൽ നാം സത്യദൈവത്തിലും നിത്യജീവനിലും ആണെന്ന് നാം അറിയുന്നു
- സത്യദൈവം നിത്യജീവനെന്ന നിലയിൽ നമ്മുടെ അനുഭവമായിത്തീരുന്നു
  - നാം സത്യദൈവത്തിലായിരിക്കുമ്പോൾ, അവൻ നമുക്ക് നിത്യജീവനായിത്തീരുന്നു